**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 404** **30-01-2024 - ൽ മറുപടിയ്ക്ക്**

**ക്ഷേമ പെൻഷനുകൾക്കുള്ള തുക കണ്ടെത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2023-2024 സാമ്പത്തിക വർഷത്തിന്റെ അവസാനപാദം എത്ര കോടി രൂപ കടമെടുക്കാനാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടത്; എത്ര കോടി രൂപ കടമെടുക്കാനാണ് കേന്ദ്രാനുമതി ലഭിച്ചത്; വിശദമാക്കുമോ; | (എ) | നടപ്പ് സാമ്പത്തിക വർഷം അവസാന പാദത്തിലേക്ക് ഓപ്പൺ മാർക്കറ്റ് ബോറോയിംഗിലൂടെ 7437.61 കോടി രൂപ എടുക്കുന്നതിനായിട്ടുള്ള അനുമതിക്ക് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അവസാന പാദത്തേക്ക് മുൻകൂറായി ലഭിച്ച 2000 കോടിക്ക് പുറമെ, 1838 കോടി രൂപ കടമെടുക്കുന്നതിന് മാത്രമേ കേന്ദ്ര സർക്കാർ ഇതുവരെ അനുമതി നൽകിയിട്ടുള്ളൂ. ഇതിനുപുറമേ ഊർജ മേഖലയിലെ പരിഷ്കാരങ്ങൾക്ക് വിധേയമായി ജി.എസ്.ഡി.പിയുടെ 0.5% വരെ നടപ്പ് സാമ്പത്തിക വർഷം അധിക കടമെടുപ്പിനായി കേന്ദ്ര സർക്കാരിനോട് അനുമതി തേടിയിരുന്നെങ്കിലും പ്രസ്തുത അനുമതി ഇതുവരെയും ലഭ്യമായിട്ടില്ല. |
| (ബി) | ഇത് വാർഷിക പദ്ധതിയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; പദ്ധതി നടത്തിപ്പിനായി എപ്രകാരം തുക കണ്ടെത്താനാകുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ; | (ബി) | ധനകാര്യ കമ്മീഷൻ നിശ്ചയിച്ച് നൽകിയിട്ടുള്ള അനുവദനീയമായ കടമെടുപ്പ് പരിധിയെ അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാന ബജറ്റ് തയ്യാറാക്കാറുള്ളത്. ഇത്തരത്തിൽ കടമെടുക്കുന്ന തുക പ്രധാനമായും അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഉപയോഗിക്കുന്നത്. സംസ്ഥാന നിയമസഭ ബജറ്റ് പാസാക്കിയതിന് ശേഷം പിന്നീട് കടമെടുപ്പിൽ കുറവ് വരുത്തുന്നത് സംസ്ഥാനത്തിന്റെ വികസന മുൻഗണനകളെ താളം തെറ്റിക്കുകയും നടന്നു കൊണ്ടിരിക്കുന്ന പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാക്കുന്നതിന് ഇടവരുത്തുകയും ചെയ്യും. നിലവിലുള്ള സാമ്പത്തിക മാന്ദ്യത്തെ ചെറുക്കുകയെന്ന ലക്ഷ്യത്തോടെ പരമാവധി വിഭവങ്ങൾ സമാഹരിച്ചും വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് മുടക്കം വരുത്താതെയുമുള്ള ദ്വിമുഖ തന്ത്രമാണ് സർക്കാർ കൈക്കൊള്ളുന്നത്. |

| | | | |
|---|---|---|---|
| (സി) | വിവിധ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനും കരാറുകാർക്കുള്ള തുക നൽകാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കി വരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കി നൽകുന്നതാണ്. കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ്. സംവിധാനവും നിലവിലുണ്ട്. 2020 സെപ്റ്റംബർ മാസം മുതൽ പരമാവധി അതാത് മാസം തന്നെ സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ചില സാഹചര്യങ്ങളിൽ 2 മാസത്തെ പെൻഷൻ ഒരുമിച്ചും നൽകിയിട്ടുണ്ട്. പെൻഷൻ മുടക്കം കൂടാതെ നൽകുന്നതിനായി സർക്കാർ ഇതിനോടകം തന്നെ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചതും, സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിനായി പെട്രോൾ, ഡീസൽ സെസ്സ് ഏർപ്പെടുത്തിയതും ഈ നടപടികളുടെ ഭാഗമാണ്. നിലവിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ